## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3884 24.08.2017-ൽ മറുപടിയ്ക്ക്

### കോതമംഗലം മണ്ഡലത്തിൽ കുടിയേറിപാർത്ത പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ആനുകൂല്യം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ, പതിറ്റാണ്ടുകൾക്ക് മുൻപ് തമിഴ്നാട്ടിൽ നിന്നും കുടിയേറി താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട നിരവധി ആളുകൾക്ക് അടുത്ത കാലം വരെ പട്ടികജാതി ആനുകൂല്യത്തിന് ലഭിച്ചിരുന്ന സർട്ടിഫിക്കറ്റ് ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | 1950-ന മുമ്പ് കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത വർക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 1950 ന മുൻപ് കുടിയേറി പാർത്തവർക്ക മാത്രമേ ജാതി സർട്ടിഫിക്കറ്റ് നല്കാവൂ എന്ന നിലപാടിന്റെ ഭാഗമായി 50/ 60 വർഷങ്ങളായി, ഇവിടെ ജനിച്ച് പഠിച്ച് വളർന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) & (സി) | 12.02.1986-ലെ സ.ഉ.(കൈ) 10/86/പജ.പവ.വി.വ നമ്പർ ഉത്തരവു പ്രകാരമാണ് നിലവിൽ കുടിയേറ്റക്കാർക്ക് സമുദായ സാക്ഷ്യപത്രം അനുവദിച്ചുവരുന്നത്. മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിസ്ഥാനമായ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, സംസ്ഥാനത്തിന്റെ പട്ടികജാതി ലിസ്റ്റിലെ ഏതെങ്കിലും സമുദായത്തിൽപ്പെട്ടതായി സാക്ഷ്യപത്രം ലഭിക്കേണ്ട വ്യക്തി, ഏതു സംസ്ഥാനത്തു നിന്നാണോ 1950-ന് മുൻപ് കുടിയേറിയത്, ആ സംസ്ഥാനത്തിലെ പട്ടികജാതി ലിസ്റ്റിലെ അംഗീകരിക്കപ്പെട്ട സമുദായത്തിൽപ്പെട്ട ആളായിരിക്കണമെന്നാണ് നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത്. 1950-ന് മുൻപ് കേരളത്തിൽ സ്ഥിരതാമസമുണ്ടെന്ന രേഖകൾ ഹാജരാക്കുവാൻ കഴിയാത്തവർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പ്രായോഗിക വൈഷമ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്കാരം കൊണ്ടും ജീവിതം കൊണ്ടും മലയാളികളായി മാറിയ പ്രസ്തുത തമിഴ് വംശജരായ ആളുകൾക്ക് പട്ടികജാതി ആനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ